# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.506 03.03.2020-ൽ മറുപടിക്ക്

## സഹകരണ സ്പിന്നിംഗ് മില്ലുകളുടെ ആധുനികവൽക്കരണം

| ചോദ്യം<br>ശ്രീമതി.ഷാനിമോൾ ഉസ്മാൻ | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
|---|---|
| (എ) ആലപ്പുഴ, പ്രിയദർശിനി, തൃശ്ശൂർ, കൊല്ലം എന്നീ സഹകരണ സ്പിന്നിംഗ് മില്ലുകളുടെ ആധുനികവൽക്കരണത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; | (എ) & (ബി) ആലപ്പുഴ, പ്രിയദർശിനി, തൃശ്ശൂർ, കൊല്ലം എന്നീ സഹകരണ സ്പിന്നിംഗ് മില്ലുകളുടെ ആധുനിക വൽക്കരണത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>**ആലപ്പുഴ സഹകരണ സ്പിന്നിംഗ് മിൽ**<br>ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആധുനികവൽക്കരണപ്രവർത്തനങ്ങൾക്കായി എൻ.സി.ഡി.സി സഹായത്തോടെയുള്ള, 3394.26 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയും മില്ലിന്റെ പ്രവർത്തന ശേഷി പന്ത്രണ്ടായിരം സ്പിന്റിലിൽ നിന്നും ഇരുപത്തി അയ്യായിരം സ്പിന്റിലേക്ക് ഉയർത്തുന്ന തുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി ടി തുകയിൽ നിന്നും ഇതുവരെ 3367.99 ലക്ഷം രൂപ അനുവദിച്ച നൽകിയിട്ടുമുണ്ട്.<br>**പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ**<br>പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ടെക്നോളജി അപ്ഗ്രേഡേഷന്റെ ഭാഗമായി 175 ലക്ഷം രൂപ മില്ലിന് അനുവദിക്കുകയും പ്രസ്തുത തുക ഉപയോഗിച്ച് മില്ലിൽ 6 റിംഗ് ഫ്രെയ്മുകളിൽ കോംപാറ്റ് സിസ്റ്റം സ്ഥാപിച്ച് മൂല്യവർദ്ധിത ഉൽപന്നമായി കോംപാറ്റ് യാൺ ഉൽപാദിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. മില്ലിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഒരു റിംഗ് ഫ്രെയ്മിൽ കൂടി കോംപാറ്റ് സിസ്റ്റം സ്ഥാപിക്കുന്നതിനായി 100 ലക്ഷം രൂപയുടെ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |

**തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ**

തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആധുനികവൽക്കരണപ്രവർത്തനങ്ങൾക്കായി എൻ.സി.ഡി.സി സഹായത്തോടെയുള്ള 2997.78 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയും ഇതുവരെ 1789.24 ലക്ഷം രൂപ അനുവദിച്ച നൽകിയിട്ടുമുണ്ട്.

ടി മില്ലിന്റെ ആധുനികവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ടെൻഡർ നടപടികൾ, സിവിൽ വർക്കുകൾ എന്നിവ നടന്നുകൊണ്ടിരിക്കുന്നു. മില്ലിൽ ഫ്ളോറിംഗ് കഴിഞ്ഞ സ്ഥലങ്ങളിൽ വയ്ക്കേണ്ടതായ മെഷനറികൾ എത്തിച്ചേർന്നിട്ടുണ്ട്.

**കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ**

കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിലെ വളരെ പഴക്കം ചെന്ന മെഷീനുകൾ മാറ്റി പകരം പുതിയ മെഷീനുകൾ സ്ഥാപിച്ച് മില്ലിന്റെ ഉൽപാദന ശേഷി കൂട്ടുന്നതിനും ഗുണമേന്മയുള്ള നൂൽ ഉൽപാദിപ്പിച്ച് മെച്ചപ്പെട്ട രീതിയിൽ മിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിലേക്കായി 57.39 കോടി രൂപയുടെ പുതുക്കിയ പദ്ധതി റിപ്പോർട്ട് സർക്കാർ എൻ.സി.ഡി.സി.ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സി.യുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. 45.19 കോടി രൂപ എൻ.സി.ഡി.സി അനുവദിച്ച് നൽകുകയും ഇതിൽ 2094.75 ലക്ഷം രൂപ മില്ലിന് നാളിതുവരെ നൽകിയിട്ടുമുണ്ട്.

മില്ലിന് അനുവദിച്ച നൽകിയിട്ടുള്ള 2094.75 ലക്ഷം രൂപയിൽ 1242.76 ലക്ഷം രൂപ നവീകരണപദ്ധതിയുടെ ആദ്യഘട്ടമായി 7290 സ്പിന്റിൽ സ്ഥാപിക്കുന്നതിനുള്ള സിവിൽ വർക്കിനും അനുബന്ധമെഷീനറികൾ വാങ്ങുന്നതിനുമായും 501.99 ലക്ഷം രൂപ പ്രവർത്തന മൂലധനമായും മിൽ വിനിയോഗിച്ചിട്ടുണ്ട്.

ഈ സാമ്പത്തിക വർഷത്തിൽ മില്ലിന് 250 ലക്ഷം രൂപ അനുവദിക്കുകയും ആയതിൽ നിന്നു സിവിൽ വർക്കിനായി 21.25 ലക്ഷം രൂപയും ഫാൾസ് സീലിംഗ് വർക്കിനായി 7 ലക്ഷം രൂപയും മെഷനറികളും മറ്റ് അനുബന്ധ ചെലവുകൾക്കായി 221.75 ലക്ഷം രൂപയും മിൽ വിനിയോഗിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വാർഷിക ബഡ്ജറ്റിൽ മില്ലിന് അനുവദിച്ചിരിക്കുന്ന ബാക്കി തുകയായ 525 ലക്ഷം രൂപ അനുവദിച്ചു നൽകുന്നതോടെ 7290 സ്പിന്റിൽ പൂർണ്ണമായും സ്ഥാപിച്ച് നവീകരണം പൂർത്തീകരിച്ച് കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കുന്നതാണെന്ന് കൈത്തറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഇതിനായി എന്ത് തുകയാണ് ഇതിനകം മുടക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) ഇവയിൽ ഏതെങ്കിലും സ്പിന്നിംഗ് മിൽ നിലവിൽ പ്രവർത്തനരഹിതമായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

(സി) കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം ആധുനികവൽക്കരണപ്രവർത്തനങ്ങൾക്കായി താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ